# ഭൗമ നൈതികതയാകണം വികസനത്തിന്റെ കാതൽ

സോണി. ആർ.കെ

**1.** വികസനം എന്നത് ഉപയോഗിച്ച് പഴകിപ്പോയ ഒരു വാക്കാണ്. ജനവിരുദ്ധ പ്രവർത്തനങ്ങളെ ന്യായീകരിക്കാൻ നിരന്തരമായി ഉപയോഗിച്ചത് മൂലം അത് അശ്ലീലവുമായിത്തീർന്നു. വികസനം എന്നതിന് ഭരണകൂടത്തിന്റെ ഭാഷയിൽ ഒരർത്ഥവും സാധാരണ ജനങ്ങളുടെ ഭാഷയിൽ വേറെ അർത്ഥവും ആണുള്ളത്. പണത്തിന്റെ ചംക്രമണം നിർബാധം നടക്കാനും മൂലധനത്തിന്റെ കുന്നുകൂട്ടൽ ഉറപ്പിക്കാനുമുള്ള ഒരു പോംവഴിയാണ് ഭരണകൂടത്തിന് വികസനം. മുതലാളിത്ത കൂട്ടാളികളുടെ ലാഭം ഉറപ്പുവരുത്തുകയാണ് ആത്യന്തിക ലക്ഷ്യം. അതുകൊണ്ടാണ് ഇടതുപക്ഷ ഗവൺമെന്റ് സ്ഥാനമേറ്റയുടൻ അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കും എന്ന് മുഖ്യമന്ത്രി പ്രസ്താവനയിറക്കുന്നത്. ഈ ഭരണകൂട-മധ്യവർഗ്ഗ വികസനബോധത്തിൽ നിന്നും വ്യത്യസ്തമാണ് പരിസ്ഥിതി, ജനകീയ പ്രസ്ഥാനങ്ങളുടെ വികസനബോധം. സമഗ്രമായ ഒരു കാഴ്ചപ്പാടാണത്. ഓരോ മനുഷ്യനും സന്തോഷകരമായി ജീവിക്കാനുള്ള ഉടമ്പടിയാണത്. ഈ കാഴ്ച്ചപ്പാടിനൊപ്പം നിൽക്കുന്ന ഒരു വികസനമാണ് എന്റെ പക്ഷം. മനുഷ്യരും മനുഷ്യേതര ജീവികളും പ്രകൃതിയും ഒക്കെ ഈ സമഗ്രതയുടെ ഭാഗമാണ്. സഹജീവികളോടും, വരും തലമുറകളോടും ഉള്ള നീതിയും നൈതികതയും അതിന്റെ അടിസ്ഥാനപ്രമാണങ്ങളാണ്. ഭൗമ നൈതികതയാണ് ഈ പ്രമാണങ്ങളുടെ കാതൽ.

**2.** 1970 കളിൽ എഴുതപ്പെട്ട 'ലിമിട്സ് ടു ഗ്രോത്ത്' എന്ന പുസ്തകം വീണ്ടും ചർച്ചചെയ്യപ്പെടേണ്ട സമയമാണിത്. ലോകത്തിൽ വളരെ ചെറിയ ശതമാനം ആളുകൾ മാത്രമാണ് വലിയൊരു ശതമാനം വിഭവങ്ങളും ഉപയോഗിക്കുന്നത്. ഈ ചെറിയ ശതമാനത്തിന്റെ ഉപഭോഗത്തിന് കടിഞ്ഞാണിടുകയും അതോടൊപ്പം വിഭവങ്ങളെ ശരിയായ അളവിൽ വിതരണം ചെയ്യുകയും ചെയ്താൽ പ്രശ്ങ്ങളെ ഒരു പരിധിവരെ വരുതിയിൽ നിർത്താൻപറ്റും. പരിധിയില്ലാത്ത ഉപഭോഗമാണ് ചർച്ചചെയ്യപ്പെടേണ്ട യഥാർത്ഥപ്രശ്നം. വസ്തുക്കൾ സ്വകാര്യപ്പെടുത്തി വയ്ക്കാനുള്ള അദമ്യമായ ആഗ്രഹം വ്യക്തികളിൽ നിരന്തരം സൃഷ്ടിച്ചുകൊണ്ടിരിക്കേണ്ടത് മുതലാളിത്തത്തിന്റെ ആവശ്യമാണ്. ഉപഭോഗതൃഷ്ണയ്ക്ക് മാറ്റം വരാതെ മനുഷ്യകുലത്തിനു ഇനി നിലനിൽപ്പില്ല.

**4.** ജനങ്ങൾ ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ, സാമ്പത്തികമായി വൻവളർച്ച നേടിയില്ലെങ്കിലും സമൂഹ്യ വികസനം സാധ്യമാണ്. അതുകൊണ്ടുതന്നെ ഈ ആശയം മുന്നോട്ടുവച്ച കേരളവികസന മാതൃക നവീനമായ ഒന്നായിരുന്നു. 1970കളിൽ ഈ ആശയം മുന്നോട്ട് വയ്ക്കുമ്പോൾ അതിനു ഒരു ചരിത്രപരമായ ദൗത്യം ഉണ്ടായിരുന്നു. അതിന്റെ ഫലം തന്നെയാണ് ഇന്ന് കേരളത്തെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. പക്ഷെ ഈ മാതൃകയ്ക്ക് ഇന്ന് എത്രത്തോളം സാംഗത്യം ഉണ്ട് എന്നത് സംശയമാണ്. കഴിഞ്ഞ രണ്ടുമൂന്നു ദശാബ്ദക്കാലമായി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് വന്ന മാറ്റമാണ് ഈ സംശയത്തിന് കാരണം. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് ഇന്ന് സർവീസ് സെക്ടർ ആണ്. ഇതിന്റെ അനന്തരഫലം സാമൂഹ്യവികാസത്തിലൂന്നിയുള്ള കൂട്ടുപ്രവർത്തനങ്ങൾക്ക് സാധ്യത കുറഞ്ഞു എന്നതാണ്. കേരളീയരുടെ ഈ മാറിയ ജീവിതക്രമത്തിൽ കേരള വികസന മാതൃകയെപ്പറ്റി പുനർവിചിന്തനം നടത്തേണ്ടിയിരിക്കുന്നു.

**5.** കേരളം ഒരർത്ഥത്തിൽ ഒരു സമരസമൂഹമാണ്. വളരെ ചെറിയ ഒരു പ്രദേശത്ത് ഇത്രയധികം രാഷ്ട്രീയ ഇടപെടലുകൾ നടക്കുന്ന ഒരു സ്ഥലം വേറെയുണ്ടാകുമെന്ന് തോന്നുന്നില്ല. രാഷ്ട്രീയ ഇടപെടലുകൾ എന്ന് പറയുമ്പോൾ അത് കക്ഷിരാഷ്ട്രീയത്തിന്റെ ഇടപെടലുകളല്ല. സാമൂഹിക പ്രശ്നങ്ങളിൽ സിവിൽസമൂഹത്തിന്റെ അല്ലെങ്കിൽ രാഷ്ട്രീയ സമൂഹത്തിന്റെ നിരന്തരമായ ഇടപെടലുകളാണത്. ഇത്തരത്തിൽ നിരന്തരമായ സാമൂഹിക ഇടപടലുകൾക്കായി പരുവപ്പെട്ട രാഷ്ട്രീയബോധമുള്ള ജനതയാണ് കേരളത്തിലേത്. അതുകൊണ്ടുതന്നെ ആ ജനത എല്ലാത്തിനെയും നിരന്തരം ചോദ്യം ചെയ്തുകൊണ്ടിരിക്കും. നിലവിലുള്ള വികസന മാതൃകകളെ അത് വിമർശനത്തിനു വിധേയമാക്കും.

**(ഗവേഷകൻ, എട്രീ, ബാംഗ്ലൂർ)**

# വികസനം; നിർവ്വചനങ്ങൾ പലതാകണം

ദിവിൻ മുരുകേഷ്

**1.** മനുഷ്യനുമായി ബന്ധപ്പെടുന്ന എല്ലാ വിഷയങ്ങളെയും നമുക്ക് ആഗോളമായി നിർവചിക്കാമെങ്കിലും ചില വാക്കുകളെ പ്രത്യേകിച്ച് വികസനം എന്നതുപോലുള്ള വാക്കുകളെ അത്രകണ്ട് ലളിതമായി നിർവചിക്കാൻ കഴിയില്ല. സാമ്പത്തിക വളർച്ചയെ മാത്രം പ്രതിനിധാനം ചെയ്യുന്നുവെന്നതിനാൽ സൂക്ഷ്മതലത്തിൽ ഓരോ ദേശത്തിനുമനുസരിച്ച്, ഓരോ രാജ്യത്തിനുമനുസരിച്ച്, ഓരോ ഇടങ്ങൾക്കുമനുസരിച്ച്, അവിടുത്തെ മനുഷ്യജീവിതത്തിന്റെ തടസ്സങ്ങളില്ലാത്ത മുന്നോട്ടുപോക്കിനുതകുന്ന തരത്തിലുള്ള പരിണാമത്തെയും സംബന്ധിക്കുന്ന പദമാണ് വികസനം. അതുകൊണ്ടു തന്നെ ഓരോ ഇടത്തിനുമനുസരിച്ച് വികസനമെന്ന പദത്തിന്റെ പ്രയോഗവും സ്വഭാവവും അർത്ഥതലങ്ങൾ തന്നെയും വിഭിന്നമായിരിക്കും. ഒരു പൊതുനിർവചനം ഇല്ലാത്തതുകൊണ്ടാണ് ഈ പ്രക്രിയ ഇത്രമാത്രം ചൂഷണങ്ങളിലൂടെ കടന്നു പോകുന്നത്. പ്രകൃതിയോടൊപ്പം നിൽക്കുന്ന വികസന പ്രവർത്തനങ്ങളെയാണ് വ്യക്തിപരമായി ഞാനാഗ്രഹിക്കുന്നത്. സമുദ്ര നിരപ്പുമുതൽ 2500 അടി ഉയരമുള്ള മലനിരകൾ വരെയുള്ള വ്യത്യസ്തമായ

ഭൂപ്രകൃതിയുള്ള കേരളത്തിൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളൊന്നും തന്നെ പരിഗണിക്കപ്പെടുന്നേയില്ല എന്നതാണ് യാഥാർത്ഥ്യം. റോഡ്, വ്യവസായശാലകൾ തുടങ്ങിയവ കാലം ആവശ്യപ്പെടുന്ന വികസനമാണെന്നാണ് പറഞ്ഞുപരത്തുന്നത്. മാറിവരുന്ന ഭരണകൂട താത്പര്യങ്ങൾക്കനുസരിച്ച് വികസന അജണ്ടകളും മാറിക്കൊണ്ടിരിക്കുന്നു. പ്രദേശത്തെ ജനങ്ങൾക്കും പരിസ്ഥിതിക്കും ആവശ്യവും അനുയോജ്യവുമായ പദ്ധതികളാണോ നടപ്പിലാക്കപ്പെടുന്നത് എന്ന് പരിശോധിക്കുന്നില്ല.

**2.** ഏതു വികസന പ്രവർത്തനത്തിന്റെയും ഏറ്റവും വലിയ പ്രതിസന്ധി വിഭവസമാഹരണമാണ്. ഇത്തരം വിഭവദൗർലഭ്യം ശക്തിയാർജിക്കുന്നതിന് വർദ്ധിക്കുന്ന ജനസംഖ്യയും കാരണമാകുന്നുണ്ട്. 'വീട് ഒരു സ്വപ്ന'മാണെന്നും അതിനെ ഏറ്റവും ആർഭാടമാക്കുകയുമാണ് ചെയ്യേണ്ടത് എന്ന വികല ബോധത്തെയാണ് വികസനം സ്ഥാപിച്ചെടുക്കുന്നത്. ഒന്നിൽ കൂടുതൽ വാഹനങ്ങളും കെട്ടിടങ്ങളും ഉണ്ടാകുമ്പോൾ മാത്രമാണ് ഓരോരുത്തരും വികസിക്കുന്നത് എന്ന് പ്രസ്താവിക്കപ്പെടുന്നു. ഈ സാഹചര്യമാണ് വിഭവദൗർലഭ്യത്തിന്റെ ആക്കം കൂട്ടുന്നതും വിഭവങ്ങൾക്കു വേണ്ടിയുള്ള മത്സരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും. വിഭവങ്ങളുടെ അസന്തുലിതമായ വിതരണം സാമൂഹികാസമത്വം നിലനിർത്തുന്നു.

**3.** തീർച്ചയായും സാമൂഹികാസമത്വങ്ങൾ എങ്ങനെയാണ് രൂപപ്പെടുന്നത് എന്നാണ് പരിശോധിക്കേണ്ടത്. 'വികസനം', ആവശ്യമുള്ളവരിലേക്കു തന്നെയാണോ അത് എത്തിച്ചേരുന്നത്? കൊച്ചി മെട്രോയുടെ കാര്യം തന്നെ നോക്കു, ആരെയാണ് ഈ പദ്ധതി ലക്ഷ്യം വെക്കുന്നത്? കൊച്ചി നഗരത്തിലെ പുറമ്പോക്കുകളിൽ കഴിയുന്നവരെ ഈ പദ്ധതി ലക്ഷ്യം വെക്കുന്നുണ്ടോ? സമൂഹത്തിലെ ഏറ്റവും ദുർബലരായ ആളുകളെ ശക്തിപ്പെടുത്താത്തത് വികസനമല്ല.

**4.** നിലനിൽക്കുന്ന വികസനമാതൃകകളെ അനുകരിക്കുന്നതിനു പകരം ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രഘടനയും സ്വഭാവവും തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രക്രിയകളിലാണ് നാം ഏർപ്പെടേണ്ടത്. ദ്രുതഗതിയിൽ എന്തെല്ലാമോ വികസിപ്പിച്ചെടുക്കുക എന്നതിനേക്കാൾ വളരെ മന്ദഗതിയിലായാലും സുസ്ഥിരമായ വികസനപ്രവർത്തനങ്ങൾക്കാണ് നാം ഊന്നൽ നൽകേണ്ടത്.

**5.** വരേണ്യ വികസന മാതൃകകളും പ്രതിരോധ സംഘങ്ങളും ഇരുധ്രുവങ്ങളിലായിപ്പോയതിന്റെ ചരിത്രത്തെയും വർത്തമാനത്തെയുമാണ് നാം സൂക്ഷ്മ വിമർശനത്തിന് വിധേയമാക്കേണ്ടത്. ഇത് ഞങ്ങളുടെ വികസനമല്ല എന്നു പറയുന്നവരെല്ലാം വികസനവിരുദ്ധരായി മുദ്രകുത്തപ്പെടുന്നു. നിങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന റോഡ് വളരെ തിരക്കുപിടിച്ച റോഡാണെന്നും നിങ്ങളുടെ വേഗതയെ അത് ബാധിക്കുന്നുവെന്നും പ്രസ്താവിക്കുന്ന ഭരണാധികാരികൾ മുൻകൈയ്യെടുത്ത് നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങളെ നാം ഭയപ്പെടേണ്ടതുണ്ട്. പാരിസ്ഥിതിക ഇടനാഴികൾ (green corridor) നശിപ്പിച്ചുകൊണ്ട് നാലുവരിപ്പാതകൾ നിർമ്മിക്കുന്നതിലൂടെ ഈ പ്രതിസന്ധി രൂക്ഷമാവുകയേയുള്ളൂ എന്നതാണ് വാസ്തവം.

**(ഗവേഷകൻ, എട്രീ, ബാംഗ്ലൂർ)**

# നിലവിലുള്ള വികസനം സമാധാനപരമായ ഒരു പ്രക്രിയയല്ല

മൃദുല ഭവാനി

**സാ**മൂഹികമായും സാമ്പത്തികമായും പ്രത്യേകാധികാരങ്ങളുള്ളവരുടെ അടിച്ചമർത്തൽ അജണ്ടകളായാണ് പലപ്പോഴും വികസന പദ്ധതികൾ നടപ്പിലാക്കപ്പെടുന്നത്. അതൊരിക്കലും നാളെയെക്കുറിച്ച് ആശങ്കപ്പെടുന്നതല്ല. അശക്തരായ ഒരു വലിയ വിഭാഗം ജനങ്ങൾക്ക് മേൽ ശക്തരായ ഒരു ചെറിയ വിഭാഗം ജനങ്ങൾ നടത്തുന്ന ചൂഷണ പദ്ധതികൾ ആണ് വികസനം എന്ന പേരിൽ നടപ്പാക്കപ്പെടുന്നത്. വികസനം ഒരിക്കലും സമാധാനപരമായ പ്രക്രിയ അല്ല. നിലനിൽക്കുന്ന അവസ്ഥയിൽ അത് മാറ്റം ഉണ്ടാക്കുന്നുണ്ട്. ആ മാറ്റത്തോട് ജീവികൾ പൊരുത്തപ്പെട്ടുകൊള്ളുക എന്നതാണല്ലോ നിയമം. അടിച്ചേൽപ്പിക്കപ്പെടുന്ന വികസന പദ്ധതികളോട് പ്രതിഷേധം രേഖപ്പെടുത്താൻ കഴിയാത്ത മരങ്ങൾ, നദികൾ, പക്ഷികൾ, മൃഗങ്ങൾ, മീനുകൾ, പ്രാണികൾ, പുഴുക്കൾ എന്നീ ജീവനുകൾക്ക് ഭൂമിയിൽ എന്ത് സ്ഥാനമാണുള്ളത്? ആ സംഘർഷത്തെ ക്കൂടി മനസ്സിലാക്കി നീങ്ങേണ്ട സമയം കഴിഞ്ഞിരിക്കുന്നു. വിവേചനങ്ങൾ കാരണം ചിതറിക്കിടക്കുന്ന സമൂഹത്തിൽ സാമൂഹ്യവികാസം സാധ്യമാകുക എളുപ്പമല്ല. ജാതി എന്ന വിവേചനവ്യവസ്ഥയെ ഇല്ലാതാക്കുക എന്നത് തന്നെയാണ് സാമൂഹ്യവികാസത്തിന്റെ ആദ്യഘട്ടമായി കണക്കാക്കപ്പെടേണ്ടത്. വരേണ്യ വികസന മാതൃകകൾക്കെതിരായ ജനകീയ പ്രതിരോധ സമരങ്ങളെ എന്നും തീവ്രവാദ മുദ്രകുത്തി അടിച്ചമർത്തുക എന്നതാണ് ഭരണകൂടം ചെയ്തുവരുന്നത്. കാലങ്ങളായി അതു തന്നെയാണ് സംഭവിക്കുന്നത്. മൂലമ്പിള്ളിയിൽ വല്ലാർപാടം കണ്ടെയ്നർ പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ട ജനങ്ങളും മലപ്പുറത്ത് ദേശീയപാതാ വികസനത്തെ പ്രതിരോധിക്കുന്ന ജനങ്ങളും കീഴാറ്റൂരിലേക്ക് വളരെ പ്രതീക്ഷയോടെ നോക്കുന്നു എന്നത് വരേണ്യ വികസന പദ്ധതികളുടെ ഇരകൾ പരസ്പരം ബന്ധപ്പെടുകയും പ്രതീക്ഷ സൂക്ഷിക്കുകയും ചെയ്യുന്നു എന്നതിന്റെ തെളിവാണ്. പത്തു വർഷം മുമ്പ് കുടിയിറക്കപ്പെട്ട മൂലമ്പിള്ളിയിലെ ജനങ്ങൾ ഇന്ന് പുറമ്പോക്കിലും ചതുപ്പ് നിലങ്ങളിലുമായി കഴിയുകയാണ്. ഇനിയും നടപ്പിലാക്കിയിട്ടില്ലാത്ത മൂലമ്പിള്ളി പാക്കേജ് ഇവർക്ക് മുന്നിലുണ്ട്. ആ പാക്കേജ് നടപ്പിലാക്കിയിട്ടില്ലാത്ത കേരളത്തിൽ ഇനിയൊരു പുനരധിവാസ പദ്ധതിയും നടപ്പിലാക്കപ്പെടില്ല എന്നാണ് മൂലമ്പിള്ളി സ്വദേശികൾ പറയുന്നത്. വികസനത്തിന്റെ പേരിലുള്ള ഭരണകൂട ചൂഷണവും വഞ്ചനയും ആഗോളമായി ഒരു സ്വഭാവമുള്ളതാണ്.

**(മാദ്ധ്യമ പ്രവർത്തക)**